എല്ലാ അദ്ധ്യാപകർക്കും - നാഷണൽ സ്കോളർഷിപ്പ് അപേക്ഷിക്കുന്നതിനെ സംബന്ധിച്ച്

നാഷണൽ സ്കോളർഷിപ് പോർട്ടൽ വഴി അപേക്ഷിക്കേണ്ട മെറിറ്റ് കം മീൻസ് (എംസിഎം), സെൻട്രൽ സെക്റ്റർ സ്കോളർഷിപ് (സിഎസ്എസ് ) , പ്രഗതി, സാക്ഷം തുടങ്ങിയ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാനുള്ള അവസാന തീയ്യതി 2020 ഡിസംബർ 30 വരെ നീട്ടിയിട്ടുണ്ട്.

വിദ്യാർത്ഥികൾ https://scholarships.gov.in/ പോർട്ടലിൽ റെജിസ്റ്റർ ചെയ്ത് നിശ്ചിത ബോണഫൈഡ് ഫോം ഡൌൺലോഡ് ചെയ്ത് അംഗീകാരത്തിനായി ഇ-മെയിൽ മുഖാന്തിരം കോളേജിലേക്ക് അയക്കേണ്ടതാണ്. അതാത് ബ്രാഞ്ചുകളിലെ ക്ലാസ്സ് അഡ്വൈസർമാർക്കാണ് വിദ്യാർഥികൾ അപേക്ഷ അയക്കേണ്ടത്. അഡ്വൈസർമാർ ബന്ധപ്പെട്ട എച്ച്.ഓ.ഡി.മാർ വഴി ബഹു:പ്രിൻസിപ്പാളിന് സമർപ്പിക്കുന്ന അപേക്ഷ പരിഗണിച്ച് സ്കോളർഷിപ്പ് സെഷനിൽ നിന്നും, അംഗീകാരം ലഭിച്ച ശേഷം, ടി വിദ്യാർഥികളുടെ ഇ-മെയിലിലേയ്ക്കൊ നേരിട്ടോ ബോണഫൈഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്.

പ്രസ്തുത ബോണഫൈഡ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും അപ്ലോഡ് ചെയ്തു പൂർത്തീകരിച്ച സ്കോളർഷിപ്പ് അപേക്ഷാ ഫോം പ്രിന്റ് ഔട്ട് എടുത്ത്/ഡൌൺലോഡ് ചെയ്ത് എല്ലാ രേഖകളുടെയും കോപ്പികൾ സഹിതം ഒറ്റ പിഡിഎഫ് ഫയലാക്കിയ ശേഷം വിദ്യാർഥികൾ വീണ്ടും അതാത് ക്ലാസ്സ് അഡ്വൈസർമാർക്ക് പരിശോധനയ്ക്കായി സമർപ്പിക്കണം. അഡ്വൈസർമാർ മേൽപ്പറഞ്ഞ രീതിയിൽ ഈ രേഖകൾ സ്കോളർഷിപ്പ് സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

സംശയങ്ങൾക്ക് വിളിക്കുക : 9567055594 (സന്തോഷ്, സി4 അക്കാദമിക് സെക്ഷൻ )